LIBRARY ARCHIVES Kerala Legislative Assembly

(സി)

| | നീതി സ്റ്റോറിലെ വില ഒരു കിലോയ്ക്ക് | പൊതുവിപണിയിലെ ചില്ലറ വിൽപ്പന വില ഒരു കിലോയ്ക്ക് | പൊതു മാർക്കറ്റിലെ വിലയിലുള്ള വ്യത്യാസം |
|---|---|---|---|
| അരി 10001 | 11.50 | 12.00 | 4.34% |
| അരി ജോധന | 12.00 | 12.50 | 4.10% |
| അരി മട്ട | 12.50 | 12.50 | - |
| | | 14.00 | |
| കുത്തരി കുറുന്ന | 13.20 | 14.00 | 6.06% |
| കുത്തരി ജയ | 13.00 | 13.50 | 3.70% |
| പച്ചരി | 11.50 | 12.00 | 4.34% |
| മുളക് (എരി) | 40.00 | 42.00 | 5.00% |
| ചെറുപയർ | 22.50 | 23.00 | 2.22% |
| കടല | 25.50 | 26.00 | 1.96% |
| ഉഴുന്ന് | 33.50 | 34.00 | 1.50% |
| തുവര | 28.00 | 30.00 | 7.14% |
| പീസ്പരിപ്പ് | 17.00 | 18.00 | 5.88% |
| മല്ലി | 23.00 | 26.00 | 13.04% |
| പഞ്ചസാര | 15.25 | 15.25 | - |
| തേയില | 105.00 | 115.00 | 9.50% |
| കേര വെളിച്ചെണ്ണ (ഒരു ലിറ്റർ പാക്കറ്റ്) | 63.00 | 65.00 | 3.17% |

## വർക്ക്ഷോപ്പ്-ഹോട്ടൽ തൊഴിലാളികൾക്ക് ക്ഷേമനിധി

**11 (*341)** ശ്രീ. എം. എ. തോമസ് :
ശ്രീ. എളമരം കരീം :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആട്ടോമൊബൈൽ വർക്ക്ഷോപ്പുകളിലെയും ഹോട്ടലുകളിലെയും തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തൊഴിലെടുക്കുന്നവർ എത്രവീതമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇത്തരം തൊഴിലാളികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള മിനിമം കൂലിക്കാരുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് വർക്ക്ഷോപ്പ് ഹോട്ടൽ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന നടപടി ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) പരിശോധിച്ചുവരുന്നു.

(ബി) തൊഴിലാളികളുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(സി) ആട്ടോമൊബൈൽ റിപ്പയറിംഗ് രംഗത്ത് പ്രവർത്തിക്കുന്നവരുൾപ്പെടെ സംസ്ഥാനത്തെ മൈനർ എഞ്ചിനീയറിംഗ് വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളി വിഭാഗങ്ങളുടെ കുറഞ്ഞ കൂലി നിരക്കുകൾ 25-10-1997 -ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 2977/97/തൊഴിൽ നമ്പർ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഹോട്ടലുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി 4-7-1997-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 2267/97/തൊഴിൽ പ്രകാരവും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. (ഉത്തരവുകളുടെ പകർപ്പ് അനുബന്ധം 1-ഉം 2-ഉം ആയി വയ്ക്കുന്നു). *

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

**ചൈനീസ് സഹകരണത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതി**

12 (*342) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എം. ദാസൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) ചൈനീസ് സഹകരണത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് മിനിജലവൈദ്യുതപദ്ധതികളുടെ സാദ്ധ്യത സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ചെറുകിട വൈദ്യുത പദ്ധതികൾ ഏറ്റെടുത്തു നടത്താൻ താൽപ്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ ഏജൻസികൾ എന്നിവയെ പ്രസ്തുത പദ്ധതികൾ ഏൽപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly